**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2216** **16-03-2022 - ൽ മറുപടിയ്ക്ക്**

**പി. പി. ഇ. കിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 2020 മാർച്ച് 29 -ന് കേരള മെഡിക്കൽ സർവീസസ് കോർപറേഷന്റെ യോഗത്തിൽ അടിയന്തരമായി പത്തുലക്ഷം പി. പി. ഇ. കിറ്റുകൾ വേണമെന്നും ഇതിൽ എട്ട് ലക്ഷം കിറ്റുകൾ രണ്ടുമാസത്തിനുള്ളിൽ സംഭരിക്കുന്നതിനും തീരുമാനിച്ചിരുന്നോ; | (എ) | തീരുമാനിച്ചിരുന്നു. |
| (ബി) | പ്രസ്തുത മീറ്റിംഗിലെ തീരുമാനം മഹാരാഷ്ട്രയിലെ സോളാപൂർ ജില്ലയിൽ നിന്നുള്ള സാൻ ഫാർമ എന്ന സ്ഥാപനത്തെ അറിയിച്ചിരുന്നോ; | (ബി) | അറിയിച്ചിരുന്നില്ല. |
| (സി) | പ്രസ്തുത കമ്പനി പത്തു വർഷത്തിലേറെയായി പ്രവർത്തിക്കുന്ന ലോക നിലവാരത്തിലുള്ള സ്ഥാപനമാണെന്ന് തെളിയിക്കുന്ന രേഖകൾ സമർപ്പിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത കമ്പനി വിവിധ സർക്കാർ ആശുപത്രികളിൽ നിന്നും വിതരണ ഉത്തരവുകൾ ശേഖരിക്കുന്നതിനും ,അതിൻ പ്രകാരം വിതരണം നടത്തുന്നതിനും ചുമതലപ്പെടുത്തിക്കൊണ്ടുള്ള എച്ച്.എൽ.എൽ ലൈഫ് കെയർ ലി.,ഹിന്ദുസ്ഥാൻ ആന്റിബയോട്ടിക്സ് എന്നീ സ്ഥാപനങ്ങളുടെ ആതറൈസേഷൻ കത്തുകളുടെ പകർപ്പുകൾ കെ.എം.എസ്.സി.എൽ-ന് ലഭ്യമാക്കിയിട്ടുണ്ട്.22/04/2020 ൽ കൂടിയ ടെക്നിക്കൽ കമ്മിറ്റി പ്രസ്തുത കമ്പനിയുടെ പി.പി.ഇ.കിറ്റിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ